ॐ



സംഗ്രാമേ വർത്തമാനാനാം കാലചോദിതകർമ്മണാം
കീർത്തിർജ്ജയോ*ƒ*ജയോ മൃത്യു: സർവേഷാം സ്യുരനുക്രമാത് **(8-11-7)**
തദിദം കാലരശനം ജനാ: പശ്യന്തി സൂരയ:
ന ഹൃഷ്യന്തി ന ശോചന്തി തത്ര യൂയമപണ്ഡിതാ: **(8-11-8)**

*ശുകമുനി തുടർന്നു:*
അസുരന്മാരുടെ മായാജാലം, ഭഗവൽപ്രവേശനത്തോടെ അപ്രത്യക്ഷമായപ്പോൾ ദേവന്മാർ അവരുടെ ശക്തിയും സമനിലയും വീണ്ടെടുത്തു. ഇന്ദ്രൻ ബലിയെ ആക്രമിക്കാൻ വെല്ലുവിളിച്ചു. ബലിയും കൂട്ടരും അവരുടെ ഏറ്റവും ഹീന്മായ ആക്രമണം നടത്തിയാലും തങ്ങൾ -ദേവന്മാർ- വിജയിക്കുമെന്ന് ഇന്ദ്രൻ വീമ്പിളക്കി.

*ജ്ഞാനിയായ ബലി പറഞ്ഞു:*
യുദ്ധത്തിലേർപ്പെട്ടവരെ സംബന്ധിച്ചേടത്തോളം കീർത്തി, ജയം, പരാജയം, മരണം എന്നിവ ഒന്നിനു പിറകേ ഒന്നായി കാലോചിതം സംഭവിക്കുന്നു. ജ്ഞാനിയായ ഒരുവൻ അതുകൊണ്ട് അത്യാഹ്ലാദമോ ദു:ഖമോ പ്രകടിപ്പിക്കുന്നില്ല. നിങ്ങൾക്ക് വിജ്ഞാനമില്ലാത്തതു കൊണ്ടാണ് വിജയപരാജയങ്ങളെ സാദ്ധ്യമാക്കാൻ നിങ്ങൾക്ക് കഴിയുമെന്ന് സ്വയം വിശ്വസിക്കുന്നത്.

തുടർന്നുണ്ടായ യുദ്ധത്തിൽ ഇന്ദ്രൻ, തബലിയെ തൻെറ മേഘാസ്ത്രം കൊണ്ട് വീഴ്ത്തി. വീരനായ ജംഭൻ യുദ്ധക്കളത്തിലിറങ്ങി അതിഭീകരമായ ഒരു ഗദകൊണ്ട് ഇന്ദ്രൻെറ ആനയെ മുടന്തനാക്കി. ഇന്ദ്രൻെറ തേരാളിയായ മാതലി ഉടനേ തന്നെ ഒരു തേരു കൊണ്ടുവന്നു. തൻെറ മേഘായുധം കൊണ്ട് ജംഭൻെറ തലയറുത്തു ഇന്ദ്രൻ. ഉടനേ യുദ്ധക്കളത്തിൽ ബാലൻ, പാകൻ, നമൂചി എന്നിവർ ഇന്ദ്രനെ നേരിട്ടു. പാകൻ, മാതലിയേയും രഥത്തേയും നൂറു ശരങ്ങൾ എയ്തു വീഴ്ത്തി. ഇന്ദ്രനെതിരെ പതിനഞ്ചസ്ത്രങ്ങളും വർഷിച്ചു. ശരവർഷത്തിൻെറ നിഴലിൽ ഇന്ദ്രൻ അകപ്പെട്ടു. അതിനുള്ളിൽ നിന്ന് തൻെറ മേഘാസ്ത്രം ചുഴറ്റി ബലനേയും പാകനേയും ഇന്ദ്രൻ വധിച്ചു. നമൂചി ഇന്ദ്രനെ തൻെറ കുന്തം കൊണ്ട് ആക്രമിച്ചു. ഇന്ദ്രൻ കുന്തത്തെ ഒരായിരം കഷണങ്ങളാക്കി മുറിച്ചിട്ട് മേഘായുധം പ്രയോഗിച്ചുവെങ്കിലും അതാദ്യമായി ശക്തിഹീനമായി വർത്തിച്ചു. ഇന്ദ്രൻ ആകുലനും അത്ഭുതസ്തബ്ധനുമായി. അപ്പോൾ ഒരശരീരി കേട്ടു. -നമൂചിയെ കൊല്ലാൻ നനഞ്ഞതോ ഉണങ്ങിയതോ ആയ ആയുധങ്ങൾ കൊണ്ട് സാദ്ധ്യമല്ല. അവന് ഒരു വരം കിട്ടിയിട്ടുണ്ട്. അതുകൊണ്ട് മറ്റൊരായുധം തിരഞ്ഞെടുത്താലും.- ഈ മുന്നറിയിപ്പുകേട്ട ഇന്ദ്രൻ കടലിൽ പൊങ്ങിക്കിടന്ന ഒരുതരം നുര -പൂർണ്ണമായും നനഞ്ഞതോ ഉണങ്ങിയതോ അല്ലാത്തത്- ഉപയോഗിച്ച് നമൂചിയുടെ കഥ കഴിച്ചു. ദേവന്മാർ സന്തോഷിച്ചു.

എന്നാൽ സൃഷ്ടാവ് സന്തുഷ്ടനായിരുന്നില്ല. ഇന്ദ്രനേയും മറ്റു ദേവന്മാരെയും സമാധാനിപ്പിക്കാൻ അദ്ദേഹം നാരദനെ നിയോഗിച്ചു. ഈ അനിയന്ത്രിയമായ നശീകരണം അവസാനിപ്പിക്കാൻ നാരദൻ അവരോട് അനുനയത്തിൽ സന്ധിസംഭാഷണം ചെയ്തു. ദേവന്മാർ ഉപദേശം സ്വീകരിച്ചു. ഉഷണമുനി, ബലിയെ പുനർജീവിപ്പിച്ചു. അസുരരാജാവാണല്ലൊ ബലി. ഇങ്ങിനെ പുനർജനിച്ച ബലിക്ക് യുദ്ധപരാജയത്തിൽ വലിയ വിഷമമൊന്നും ഉണ്ടായില്ല കാരണം അദ്ദേഹം സത്യം മനസ്സിലാക്കിയിരുന്നു. കൈകാലുകൾ അക്ഷതമായിട്ടുള്ള, ചത്തുവീണ അസുരന്മാരേയും മുനി പുനർജ്ജീവിപ്പിച്ചു.